പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 143 | 21/03/2012-ൽ മറുപടിക്ക്

# മാതൃകാ പട്ടികവർഗ്ഗ കോളനി

ചോദ്യം | മറുപടി

ശ്രീ.വി.പി.സജീന്ദ്രൻ :
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.പി.സി.വിഷ്ണു നാഥ്
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികൾ മാതൃകാ കോളനികളാക്കി മാറ്റുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; | (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ വികസനത്തിനായി മാതൃകാകോളനികൾ സ്ഥാപിച്ച് പട്ടികവർഗ്ഗ വിഭാഗത്തിന്റെ സമഗ്ര വികസനത്തിനും ടി വിഭാഗക്കാരെ സ്വയം പര്യാപ്തമാക്കി മുഖ്യ ജീവിത ധാരയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടുംകൂടി തുടക്കമെന്നനിലയിൽ സംസ്ഥാനത്ത് 5 പട്ടികവർഗ്ഗ മാതൃകാ കോളനികൾ സ്ഥാപിക്കുന്നതിനു തീരുമാനിച്ചു. |
| (ബി) | എന്തെല്ലാം ഭൗതിക സാഹചര്യങ്ങളാണ് മാതൃകാ കോളനികളിൽ ഒരുക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | ഓരോ മാതൃകാ കോളനിയിലും ചുരുങ്ങിയത് 5 ഏക്കർ സ്ഥലവും പരമാവധി 25 കുടുംബങ്ങളുടെ പുനരധിവാസത്തിനായി വീട്, അനുബന്ധ സൗകര്യങ്ങൾ, കോളനിയിലേയ്ക്ക് ടാറിട്ട റോഡ്, വൈദ്യുതി, കുടിവെള്ളം, കൃഷിഫാം, പൗൾട്രിഫാം, കന്നുകാലി വളർത്തൽ കേന്ദ്രം കമ്മ്യൂണിറ്റിഹാൾ, തുടങ്ങി എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ സ്വയം |

| | | | |
|---|---|---|---|
| | | | പര്യാപ്തമായ കോളനി സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | മാതൃകാകോളനികൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ച 5 സ്ഥലങ്ങളിലും സ്ഥലം കണ്ടെത്തി ഓരോ കോളനിയിലും 25 വീടുകൾ വീതം നിർമ്മിക്കുന്നതിന് കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന് മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ